പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2426 — 01-04-2013 - ൽ മറുപടിയ്ക്ക്

## കുളങ്ങൾ നവീകരിക്കുവാൻവേണ്ടി അനുവദിച്ച തുക

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ

(എ) പതിമ്മൂന്നാം ധനകാര്യക്കമ്മീഷൻ കുളങ്ങൾ നവീകരിക്കുവാൻ വേണ്ടി 2012-2013 സാമ്പത്തികവർഷം എത്ര തുക അനുവദിച്ചുവെന്നു വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയ്ക്കും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര തുക അനുവദിക്കുകയുണ്ടായെന്നു വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച തുക ഏതെല്ലാം കുളങ്ങളുടെ നവീകരണത്തിനായാണു നൽകിയതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്നു വ്യക്തമാക്കുമോ ?

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) പതിമൂന്നാം ധനകാര്യക്കമ്മീഷനിൽ ഉൾപ്പെടുത്തി കുളങ്ങൾ നവീകരിയ്ക്കുവാൻ വേണ്ടി 2012-13 സാമ്പത്തിക വർഷത്തിൽ 9.03 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 40.50 ലക്ഷം രൂപ |
| കൊല്ലം | - | 112.60 " |
| പത്തനംതിട്ട | - | 118.85 " |
| കോട്ടയം | - | 72.05 " |
| ഇടുക്കി | - | 175.65 " |
| എറണാകുളം | - | 109.25 " |
| തൃശ്ശൂർ | - | 63.50 " |
| മലപ്പുറം | - | 94.50 " |
| കോഴിക്കോട് | - | 36.00 " |
| കാസർഗോഡ് | - | 80.00 " |
| ആകെ | | 902.90 ലക്ഷം രൂപ |

(സി) & (ഡി)

കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം തുകയൊന്നും അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ